"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കൊച്ചി നഗരസഭയിൽ കൗൺസിൽ സെക്രട്ടറി തസ്തികയിൽ വിരമിച്ച ശ്രീ.അജിത്ത് പ്രസാദ്.പി.എസ്.-ന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.9/2025/LSGD തീയതി,തിരുവനന്തപുരം, 01-01-2025

---

പരാമർശം:-

1. 30.04.2010തീയതിയിലെ സ.ഉ(സാധാ)നം. 1476/2010/തസ്വഭവ ഉത്തരവ്
2. 11.08.2010 തീയതിയിലെ സ.ഉ(സാധാ)നം. 2686/2010/തസ്വഭവ ഉത്തരവ്
3. 26.09.2023 തീയതിയിലെ സ.ഉ(സാധാ)നം. 1903/2023/തസ്വഭവ ഉത്തരവ്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 16.03.2024 തീയതിയിലെ LSGD/PD/10806/2024-VIGC4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയിലെ ക്രമക്കേടുകൾ സംബന്ധിച്ച് പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ കെട്ടിട നികുതി നിർണ്ണയത്തിൽ കൊച്ചി നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ.അജിത്ത് പ്രസാദ് ക്രമക്കേട് കാട്ടിയതായും നികുതി നിർണ്ണയത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായും കണ്ടെത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീ.അജിത്ത് പ്രസാദിനെ പരാമർശം 1 ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, തുടർന്ന് പരാമർശം 2 ഉത്തരവ് പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. ശ്രീ.അജിത്ത് പ്രസാദിനെതിരെ മേൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ആരംഭിച്ച അച്ചടക്ക നടപടി പരാമർശം 3 ഉത്തരവ് പ്രകാരം തുടർനടപടികൾ ഒഴിവാക്കി തീർപ്പാക്കിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിനായി ടിയാൾ അപേക്ഷിച്ചിരുന്നു.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ട് പ്രകാരം, 11.08.2010 ലെ ഉത്തരവ് പ്രകാരം ശ്രീ.അജിത്ത് പ്രസാദിനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവായിരുന്നുവെങ്കിലും ടിയാനെ കാസർഗോഡ് നഗരസഭയിൽ നിയമിച്ചിട്ടുള്ളത് 01.11.2010 തീയതിയിലെ നഗരകാര്യഡയറക്ടറുടെ ഉത്തരവ് പ്രകാരമാണെന്നും ആയതിനാൽ 12.08.2010 മുതൽ 02.11.2010 വരെയുള്ള കാലയളവ് നിയമനത്തിനായി കാത്തിരുന്ന കാലയളവാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ.അജിത്ത് പ്രസാദിന്റെ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിൽ

ടിയാനെതിരായ അച്ചടക്ക നടപടി തുടർനടപടികൾ ഒഴിവാക്കിയാണ് തീർപ്പാക്കിയിട്ടുള്ളത് എന്നും കുറ്റവിമുക്തനാക്കാത്ത സാഹചര്യത്തിൽ 30.04.2010 മുതൽ 03.11.2010 വരെയുള്ള സസ്പെൻഷൻ കാലയളവ് പെൻഷന് മാത്രം പരിഗണിക്കുന്ന ഡ്യൂട്ടിയായി കണക്കാക്കി ക്രമീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ശ്രീ.അജിത്ത് പ്രസാദിന്റെ 30.04.2010 മുതൽ 10.08.2010 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും ക്രമീകരിച്ചുകൊണ്ടും, 11.08.2010 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചതുവരെയുള്ള ഇടവേള KSRs Part I Rule- 56 B(9) Note -2 പ്രകാരം പ്രവേശനകാലമായോ (KSRs Part I Rule- 127 പ്രകാരം അർഹമായ പ്രവേശനകാലയളവ് മാത്രം - അതായത് ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും (6 ദിവസവും) യഥാർത്ഥ യാത്രാ സമയവും ചേർന്ന കാലയളവ് മാത്രം. പ്രവേശനകാലം ജോലിയിൽ പ്രവേശിച്ചതിന് തൊട്ട് മുമ്പുള്ള ദിവസങ്ങളിലാണ് ക്രമീകരിക്കേണ്ടത്) അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും, ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീ.അജിത്ത് പ്രസാദ്.പി.എസ്സ്., റിട്ട. കൗൺസിൽ സെക്രട്ടറി, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 07-01-2025 13:01:56
സെക്ഷൻ ഓഫീസർ